പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1967 05.10.2016-ൽ മറുപടിയ്ക്ക്

മംഗലം ഡാം സമഗ്രകുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.ഡി. പ്രസേനൻ : | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണത്തിനു വേണ്ടിയുള്ള മംഗലം ഡാം സമഗ്രകുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) ഭരണാനുമതി നൽകിയ ടി പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ ഏപ്രിൽ മാസം 2018-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇനി പൂർത്തീകരിക്കാനുള്ളത്; അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഭരണാനുമതി ലഭിച്ച ഘടകങ്ങൾ - 24.5 എം.എൽ.ഡി ജല ശുദ്ധീകരണശാല, 24.50 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, ഇൻടേക്ക് ബ്രിഡ്ജ്, കൺട്രോൾ റൂം നിർമ്മാണം, റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, സബ് സ്റ്റേഷൻ നിർമ്മാണം, ട്രാൻസ് ഫോർമർ സ്ഥാപിക്കൽ ഇലക്ട്രിക് ലൈൻ നീട്ടൽ എന്നിവയാണ്. ഇവയിൽ 24.50 എം.എൽ.ഡി ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, സബ് സ്റ്റേഷൻ നിർമ്മാണം ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ് ഫോർമർ എന്നിവയ്ക്കായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 04.10.2016 ആണ്. മംഗലം ഡാമിൽ നിന്ന് വെള്ളം എടുക്കുവാൻ ഡാമിനകത്ത് ഇൻടേക്ക് ബ്രിഡ്ജ് |

നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിലെ ഡാം സേഫ്റ്റി വകുപ്പിന്റെ അനുമതി ലഭ്യമാക്കി ഇൻടേക്ക് ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കുവാൻ ഇറിഗേഷൻ വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

Renuka Sankar
സെക്ഷൻ ഓഫീസർ